"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - ആംഡ് പോലീസ് ബറ്റാലിയനിലെ ഹവിൽദാർ ശ്രീമതി. നീനുമോൾ പി.എസ്-ന് അടുത്ത രണ്ട് വർഷങ്ങളിൽ ലഭിക്കേണ്ട ഇൻക്രിമെന്റുകൾ മുൻകൂറായി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തരം (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1055/2025/HOME തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-
1. ശ്രീമതി. നീനുമോൾ പി.എസ് 27.11.2023 തീയ്യതിയായി സമർപ്പിച്ച നിവേദനം.
2. സംസ്ഥാന പോലീസ് മേധാവിയുടെ 17.04.2024, 18.07.2024 ലെ L6-38086/2020/PHQ നമ്പർ കത്ത്.

**ഉത്തരവ്**

കായിക രംഗത്തെ മികച്ച പ്രകടനം കണക്കിലെടുത്ത് ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത 2014 വർഷത്തെ സീനിയോരിറ്റി അനുവദിച്ചു നൽകി ആംഡ് പോലീസ് ബറ്റാലിയനിൽ ആംഡ് പോലീസ് സബ് ഇൻസ്പെക്ടറായി നിയമനം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ആംഡ് പോലീസ് ബറ്റാലിയനിൽ ഹവിൽദാറായി ജോലി നോക്കി വരുന്ന ശ്രീമതി. നീനുമോൾ പി.എസ് ബഹു കേരളാ മുഖ്യമന്ത്രി മുമ്പാകെ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2) സ്പോർട്സ് ക്വാട്ടയിൽ ഹവിൽദാറായി നിയമിതയായ ശ്രീമതി നീനുമോൾ. പി.എസ് എ.പി.എസ്.ഐ ആയി സ്ഥാനക്കയറ്റം നൽകുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഒരു വ്യക്തിക്ക് ഔട്ട് ഓഫ് ടേൺ പ്രൊമോഷൻ നൽകാൻ വ്യവസ്ഥയില്ല. മാത്രമല്ല, സ്പോർട്സ് ക്വാട്ടയിൽ താഴ്ന്ന കേഡറിൽ നിന്ന് സ്ഥാനക്കയറ്റത്തിനായി APSI യുടെ തസ്തികകളൊന്നും നിശ്ചയിച്ചിട്ടില്ല. നേരിട്ടുള്ള നിയമനത്തിന് കീഴിലുള്ള തസ്തികകളുടെ 10% മാത്രമേ സ്പോർട്സ് ക്വാട്ടയിൽ നിയമനത്തിന് ആയി ഉപയോഗിക്കാൻ കഴിയൂ. കൂടാതെ നിലവിൽ സീനിയോരിറ്റിയെ അടിസ്ഥാനമാക്കിയും, യോഗ്യതയും കഴിവിനും വിധേയമായി മാത്രമേ എ.പി.എസ്.ഐയുടെ കേഡറിലേക്ക് പ്രമോഷൻ നൽകാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കായികരംഗത്തെ ടിയാളുടെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്ന കേഡറിലേക്ക് ഉദ്യോഗക്കയറ്റം നൽകാൻ വകുപ്പിന് കഴിയില്ല എന്ന് പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ശ്രീമതി നീനുമോളുടെ മേൽപ്രതിപാദിച്ച കായിക രംഗത്തെ നേട്ടങ്ങൾ പരിശോധിക്കുമ്പോൾ ടിയാളുടെ പ്രകടനം സ്ഥിരതയുള്ളതും മികച്ചതുമായ പ്രകടനമാണെന്ന്

കാണുന്നു. അത്തരം പ്രകടനം കാഴ്ചവച്ച കായിക താരത്തെ നിശ്ചയമായും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എന്നാൽ ടിയാളുടെ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾ ആവശ്യപ്പെട്ടതുപ്പോലെ ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ കഴിയില്ലെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായിക രംഗത്തെ സുസ്ഥിരമായ നേട്ടങ്ങൾ പരിഗണിച്ച് ഒരു പ്രോത്സാഹനമെന്ന നിലയിൽ ശ്രീമതി.നീനുമോൾ പി.എസ്-ന് അടുത്ത രണ്ട് വർഷങ്ങളിൽ ലഭിക്കേണ്ട ഇൻക്രിമെന്റുകൾ 2025 ജനുവരി 1 പ്രാബല്യത്തിൽ മുൻകൂറായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം

ശ്രീ. നീനുമോൾ പി.എസ്, ഹവിൽദാർ, എസ് എ പി ബറ്റാലിയൻ (സംസ്ഥാന പോലീസ് മേധാവി മുഖേന)

പൊതുഭരണ (എസ്.സി.) വകുപ്പ് -(ഇനം 2815 dtd 26.03.2025)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ),കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി (A1/32/2024/Home)

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 28-03-2025 13:39:51

സെക്ഷൻ ഓഫീസർ